● കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# പാതിരി നബിയെ കണ്ടപ്പോൾ

**നജ്ദിൽ** ഉദാരമതിയായി അറിയപ്പെട്ടിരുന്ന ത്വയ്യിഅ് ഗോത്രക്കാരനായ ഹാത്തിം ത്വാഈയുടെ പുത്രനാണ് അദിയ്യുബ്നു ഹാത്തിം. ക്രൈസ്തവനായിരുന്ന അദിയ്യ് വേദ പണ്ഡിതനും പുരോഹിതനും കൂടിയായിരുന്നു. പിതാവിന്റെ മരണശേഷം സ്വഗോത്രക്കാർ അദ്ദേഹത്തെ രാജാവായി വാഴിച്ചു. യുദ്ധ വരുമാനത്തിന്റെ നാലിലൊരു വിഹിതം അദ്ദേഹത്തിന് നൽകിപ്പോന്നു.

രാജപദവി, സമ്പന്നത, പുരോഹിതന്മാരിൽ ഉന്നതസ്ഥാനം ഇതെല്ലാം ഒത്തുചേർന്ന് നാടുവാഴിയായി ചമഞ്ഞു നടക്കുന്ന കാലം. അപ്പോഴാണ് ഹിജാസിൽ പ്രവാചകന്റെ സൈനിക നീക്കങ്ങൾ ഒരു ഞെട്ടലോടെ അദിയ്യ് അറിയുന്നത്. സ്വഗോത്രത്തിലെ ചിലർ ഇസ്‌ലാം സ്വീകരിച്ചെന്നും കേട്ടു. അന്നു മുതൽ തുടങ്ങിയതാണ് പ്രവാചകനോടുള്ള വെറുപ്പും വിദ്വേഷവും. മുഖ്യ ശത്രു പ്രവാചകൻ തന്നെ. ഇസ്‌ലാമിന്റെ നീതിവ്യവസ്ഥക്കു മുമ്പിൽ തന്റെ പദവികളും പ്രതാപങ്ങളും നഷ്ടപ്പെടുന്നതും സാമ്പത്തിക സ്രോതസ്സുകൾ നിലച്ചു പോകുന്നതും ഇസ്‌ലാമിക വ്യവസ്ഥിതിയിൽ ഒരു പ്രജയായിക്കഴിയുന്നതും ഓർക്കാനേ കഴിയുന്നില്ല. ഒട്ടേറെ ആശങ്കകളോടെയാണയാൾ നാളുകൾ തള്ളിനീക്കിയിരുന്നത്.

ആശങ്കകൾ ഒട്ടും അസ്ഥാനത്തായിരുന്നില്ല. ഇസ്‌ലാമിന്റെ സൈനികനീക്കങ്ങൾ തന്റെ നഗരത്തോടടുക്കുന്നു എന്ന വാർത്തയാണ് ഒരു ദിവസം അയാളെ തേടിയെത്തിയത്. തന്റെ കുടുംബങ്ങളെയും ഒട്ടകങ്ങളെയും കൂട്ടി, സ്വന്തം നാടുപേക്ഷിച്ച് അയാൾ സിറിയയിലേക്ക് കടന്നു. ധൃതിപ്പെട്ടു കുടുംബങ്ങളെ ഒരുക്കൂട്ടുന്നതിനിടയിൽ സ്വന്തം സഹോദരി സ്വഫ്ഫാനഃയെ കൂടെക്കൂട്ടാൻ മറന്നു. സഹോദരി മദീനയിൽ തനിച്ചായി.

പ്രവാചകൻ അവരെ ആദരിക്കുകയും അവർക്ക് വാഹനവും യാത്രാചെലവും പുതുവസ്ത്രങ്ങളും നൽകി വിശ്വസ്ത യാത്രാസംഘത്തോടൊപ്പം സിറിയയിലുള്ള കുടുംബങ്ങളിലേക്ക് യാത്രയയക്കുകയും ചെയ്തു.

കുടുംബത്തിൽ തിരിച്ചെത്തിയ സഹോദരി, തന്നെ മറുനാട്ടിൽ തനിച്ചാക്കി സ്വന്തം ഭാര്യാസന്താനങ്ങളെകൂട്ടി നാടു വിട്ടതിൽ സഹോദരൻ അദിയ്യിനെ കണക്കിന് ശകാരിച്ചു. നബി(സ) യുടെ മഹിമയെക്കുറിച്ചും അവർ വാചാലയാവുകയും ചെയ്തു. മഹാനായ അദ്ദേഹത്തെ ചെന്നുകാണാൻ അദിയ്യിനെ ഉപദേശിച്ചു.

'പ്രവാചകൻ സത്യവാനോ, വ്യാജനോ, രാജാവോ, പ്രജയോ....' ഈ കാര്യങ്ങളാണ് അദിയ്യിന് അറിയേണ്ടത്. സഹോദരി പറഞ്ഞു: 'നീ പോയി അദ്ദേഹത്തെ കാണുക തന്നെ വേണം. അദ്ദേഹം സത്യപ്രവാചകനാണെങ്കിൽ അദ്ദേഹത്തിൽ വിശ്വസിക്കുക. വിശ്വാസികളുടെ മുൻപന്തിയിൽ നിനക്ക് പദവി ലഭിക്കും. അദ്ദേഹം രാജാവാണെങ്കിൽ സൽഗുണ സമ്പന്നനായ അദ്ദേഹത്തിൽ നിന്ന് ദോഷമൊന്നും സംഭവിക്കുകയില്ല.'നബി(സ) യെക്കുറിച്ച സഹോദരിയുടെ വർണനകൾ അദിയ്യിന്റെ ജീവിതത്തിൽ സുപ്രധാന വഴിത്തിരിവായി.

അയാൾ മദീനയെ ലക്ഷ്യമാക്കി യാത്ര തിരിച്ചു. നബി(സ) അദ്ദേഹത്തെ ആദരിക്കുകയും  അതിഥിയാക്കി വീട്ടിലേക്കാനയിക്കുകയും ചെയ്തു. വഴിയിൽ, ശരീരം ശോഷിച്ചു തൊലി ചുളിഞ്ഞ ഒരു വൃദ്ധ നബി(സ)യെ സമീപിച്ചു എന്തോ ആവശ്യങ്ങൾ പറഞ്ഞു. പ്രവാചകൻ ആ വൃദ്ധക്കായി വഴിയരികിലേക്ക് മാറിനിൽക്കുകയും അവരുമായി സംസാരിക്കുകയും അവർക്കാവശ്യമായ കാര്യങ്ങൾ ചെയ്യാൻ ഏർപ്പാടാക്കുകയും ചെയ്തു.

ഇതെല്ലാം അത്ഭുതത്തോടെ നോക്കിക്കാണുകയായിരുന്നു അദിയ്യ്. കീഴാളരോട് യാത്രയിൽ രാജാക്കന്മാർ ഇങ്ങനെ സൗമനസ്യത്തോടെ പെരുമാറില്ലല്ലോ എന്ന കുറ്റ ബോധത്താൽ അദ്ദേഹം താൻ അണിഞ്ഞിരുന്ന വെള്ളക്കുരിശ് എടുത്തു മാറ്റി, ഇദ്ദേഹം രാജാവ് അല്ലെന്ന് ആത്മഗതം ചെയ്തു. നബി(സ)യുടെ ഉൽകൃഷ്ട ഗുണങ്ങൾ ഓരോന്നായി കാണാൻ തുടങ്ങി. ഇരുപത് വർഷം താൻ അങ്ങേയറ്റം വെറുത്തത് ഈ മനുഷ്യനെയാണല്ലോ എന്നോർത്ത് മനസ്സിലെ പകയും വിദ്വേഷവും മഞ്ഞുകട്ടപോലെ ഉരുകി. നബി(സ)യോട് സ്നേഹവും ആദരവും കൂടി.

അദിയ്യിനെയും കൂട്ടി വീട്ടിലെത്തിയ നബി(സ) ചകിരിനാര് നിറച്ച ഒരു തലയണ അദ്ദേഹത്തിന് നൽകി അതിൽ ഇരിക്കാനാവശ്യപ്പെട്ടു. വീട്ടിൽ മറ്റൊരു തലയണ ഇല്ലെന്നറിഞ്ഞ അദ്ദേഹം അതിൽ ഇരിക്കാൻ കൂട്ടാക്കിയില്ല. 'ഇദ്ദേഹം രാജാവ് അല്ല, രാജാവിന്റെ പ്രൗഢിയൊന്നും ഇദ്ദേഹത്തിന്റെ നടപ്പിലും പെരുമാറ്റത്തിലുമില്ല. പുരോഹിതനും അല്ല. പൗരോഹിത്യത്തിന്റെ കണികപോലും അദ്ദേഹത്തിലില്ല" എന്നയാൾ മനസ്സിൽ പറയുന്നുണ്ടായിരുന്നു അപ്പോൾ.

പിന്നെ ഇരുവരും സംഭാഷണത്തിലേർപ്പെട്ടു. 'യുദ്ധമുതലുകളിൽനിന്ന് നാലിലൊരു വിഹിതം താങ്കൾ കൈപറ്റുന്നുണ്ടല്ലോ. അത് താങ്കളുടെ മതത്തിൽ അനുവദനീയമല്ല. താങ്കളുടെ മതത്തെക്കുറിച്ച് എനിക്കാണ് കൂടുതൽ അറിയുക' നബി(സ) പറഞ്ഞു. മറ്റൊരു വൈജ്ഞാനിക വിഷയവും അവർക്കിടയിൽ ചർച്ചയായി. ഖുർആനിലെ വേദക്കാരെ കുറിച്ച 'അവർ തങ്ങളുടെ മത പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാഹുവിനെക്കൂടാതെ റബ്ബുകളായി വരിച്ചു' എന്ന പരാമർശം കേൾക്കെ പുരോഹിതനായ അദിയ്യ് പറഞ്ഞു: 'ജനം അവരെ ആരാധിക്കുന്നില്ലല്ലോ' നബി(സ)പറഞ്ഞു: പുരോഹിതന്മാർ ഹലാലിനെ ഹറാമും ഹറാമിനെ ഹലാലും ആക്കി വിധിക്കുന്നില്ലേ, അത് ജനം അനുസരിക്കുന്നില്ലേ. അതുതന്നെയാണ് അവർക്കുള്ള ഇബാദത്ത്.'

എല്ലാം ബോധ്യമായപ്പോൾ ഇസ്‌ലാം സ്വീകരിക്കാനായി ഒരു ദിവസം അദ്ദേഹം നബി(സ) യെ സമീപിച്ചു. ആ

സമയം ഒരു മുസ്ലിം വന്ന് തന്റെ ദാരിദ്ര്യാവസ്ഥയെക്കുറിച്ച് നബി(സ)യോട് ആവലാതി പറഞ്ഞു. മറ്റൊരാൾ വന്ന് വഴിയാത്രക്കാരെ കൊള്ളചെയ്യുന്ന കവർച്ചക്കാരെ ക്കുറിച്ചും ആവലാതിബോധിപ്പിച്ചു. രാജാവും ധനാഢ്യനുമായ അദിയ്യിന് ഇസ്ലാമിൽ ദാരിദ്ര്യമാണുള്ളതെന്നും ക്രമസമാധാനനില തൃപ്തികരമല്ലെന്നും തോന്നാനിടയുണ്ടല്ലോ എന്ന് നബി(സ) ആശങ്കിച്ചു. അതിനാൽ ദാരിദ്ര്യം തുടച്ചുനീക്കപ്പെടുകയും ക്രമസമാധാന നില സ്ഥാപിക്കപ്പെടുകയും ചെയ്യുന്ന ഇസ്ലാമിന്റെ നല്ല നാളെയിലേക്ക് നബി(സ) അദിയ്യിന്റെ ശ്രദ്ധ ക്ഷണിച്ചു. നബി(സ)ചോദിച്ചു: 'താങ്കൾ ഹീറാ എന്ന സ്ഥലം കണ്ടിട്ടുണ്ടോ?' അദിയ്യ്: 'ഇല്ല, കേട്ടിട്ടുണ്ട്.' നബി(സ): 'താങ്കൾ ജീവിച്ചിരിക്കുന്ന പക്ഷം ഹീറയിൽ നിന്ന് സ്ത്രീകൾ മാത്രമുള്ള സംഘങ്ങൾ അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയക്കേണ്ടതില്ലാത്ത വിധം ദൂരെ മക്കയിൽ പോയി വരുന്ന കാഴ്ച താങ്കൾക്ക് കാണാനാവും.'

ഈ വഴിയിൽ യാത്രക്കാരെ സ്ഥിരം കൊള്ള ചെയ്യാറുള്ള കവർച്ചക്കാരെ അപ്പോൾ അദിയ്യ് ഓർത്തു. നബി(സ) തുടർന്നു. 'താങ്കൾ ജീവിച്ചിരിക്കുന്ന പക്ഷം കിസ്റാ ചക്രവർത്തിയുടെ ഖജനാവുകൾ മുസ്ലിം സേനാനികളാൽ തുറക്കപ്പെടുന്നതും താങ്കൾക്കു കാണാം– കൂടാതെ, കൈനിറയെ സ്വർണവും വെള്ളിയുമായി അവ ഏറ്റുവാങ്ങാൻ ആളുകളുണ്ടോ എന്ന് അന്വേഷിച്ചു നടക്കുന്നവരെയും കാണാം. പക്ഷേ, അവ സ്വന്തമാക്കാൻ ആവശ്യക്കാരായി ആരും ഉണ്ടാവില്ല.'

അദിയ്യ് നബി(സ)യുടെ മുമ്പാകെ ഇസ്ലാം സ്വീകരിച്ചു. നേരത്തെ പറഞ്ഞ ഒന്നും രണ്ടും സംഭവങ്ങൾക്ക് അദിയ്യ് സാക്ഷിയായി. മൂന്നാമത്തേത് അദ്ദേഹത്തിന്റെ മരണാനന്തരം ഖലീഫ ഉമറുബ്നു അബ്ദിൽ അസീസിന്റെ ഭരണകാലത്ത് സംഭവിക്കുകയും വിശ്വാസി സമൂഹം അതിന് സാക്ഷികളാവുകയും ചെയ്തു.

ക്രൈസ്തവ പുരോഹിതനും വേദപണ്ഡിതനും നാടുവാഴിയുമായ അദിയ്യ് ഇസ്ലാം സ്വീകരിക്കുക മാത്രമല്ല, ഇസ്ലാമിലെ പല പ്രബോധക സംഘങ്ങളിലും സൈനിക നീക്കങ്ങളിലും സജീവമായി പങ്കെടുക്കുകയും ചെയ്തു. കിസ്റാ ചക്രവർത്തിയുടെ കൊട്ടാരങ്ങൾ കീഴടക്കാൻ പോയ സേനാനികളുടെ കൂട്ടത്തിൽ താനുമുണ്ടായിരുന്നതായി അദ്ദേഹം പറയുകയുണ്ടായി. ഏറെ പ്രായം ചെന്ന ശേഷം കൂഫയിൽവെച്ചാണ് അദ്ദേഹം മരിച്ചത്. ■